പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2461 06.12.2018 ലെ മറുപടിക്ക്

**കയർ വ്യവസായ മേഖലയുടെ സമഗ്രവികസനത്തിനായി പ്രത്യേക പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കുമോ; | എ) പരിശോധിച്ചിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യമാണ് കയർ സഹകരണ സംഘങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കയർ മേഖലയിൽ രണ്ടാം പുനസംഘടന നടപ്പിലാക്കി വരുകയാണ്.<br><br>ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യ വത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതും രണ്ടാം പുന:സംഘടനയുടെ ഭാഗമാണ്.<br><br>കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളീകേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്.മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഇതിനോടകം 50 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.<br><br>പരമ്പരാഗത റാട്ടുകൾക്കു പകരം ഇലക്ട്രോണിക് |

| | |
|---|---|
| | റാട്ടുകൾ ഉപയോഗിച്ചുതുടങ്ങിയെങ്കിലും ഉൽപ്പാദന വർദ്ധനവ് കൈവരിക്കുന്നതിന് ഇതു സഹായകരമായില്ല. എന്നാൽ ഇലക്ട്രോണിക് റാട്ടിൽ കയർപിരിക്കുന്നതിന് ഒരു തൊഴിലാളി മതി എന്നതിനാൽ സംഘങ്ങൾക്ക് ഇത് ലാഭകരമാണ്. ഉൽപ്പാദന വർദ്ധനവ് കൈവരിക്കണമെങ്കിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ തന്നെ സ്ഥാപിക്കേണ്ടതുണ്ട്. ആയതിനാൽ കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ പ്രോജക്ടിലെ ചേർത്തല തിരുനെല്ലൂർ സി വി സി എസ് ലി. നം. 721 ൽ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളെയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു.<br>രണ്ടാം പുന:സംഘടനയുടെ ഭാഗമായി എൻ.സി.ഡി.സി അനുവദിച്ചിട്ടുള്ള സഹായം ഉപയോഗിച്ച് കയർ സഹകരണ സംഘങ്ങളിൽ തൊഴിലാളികൾക്കുള്ള സൗകര്യങ്ങളും അടിസ്ഥാന സൗകര്യവും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തികളും ഏറ്റെടുക്കുന്നുണ്ട്. |
| ബി) ഇവയുടെ പ്രവർത്തനവും വികസനവും സംബന്ധിച്ച സമഗ്ര പഠനത്തിനുവേണ്ടി ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | ബി) കയർ മേഖലയെ സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ (എക്സ്. എം.എൽ.എ.) ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധർ അംഗങ്ങളുമായ കയർ കമ്മീഷൻ വിപുലമായ പഠനം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കയർമേഖലയിൽ ഇതുവരെ നടപ്പിലാക്കി വന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കേണ്ട പദ്ധതികളെ സംബന്ധിച്ച് വ്യക്തമായ പദ്ധതി തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിലാണ് കയർ രണ്ടാം പുന:സംഘടന നടന്നുകൊണ്ടിരിക്കുന്നത്. |
| സി) കയർ വ്യവസായ മേഖലയുടെ സമഗ്രവികസനത്തിനുവേണ്ടി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ വിശദീകരിക്കുമോ? | സി) കയർ മേഖലയ്ക്കായി ഒരു പുനരുദ്ധാരണ പാക്കേജിന് പകരം കയർ മേഖലയിൽ രണ്ടാം പുന: സംഘടന സ്കീം ആണ് നടപ്പിലാക്കുന്നത്. പരമ്പരാഗത മേഖലയുടെ സംരക്ഷണവും വ്യവസായത്തിന്റെ ആധുനീകരണവും ലക്ഷ്യം വെച്ചാണ് രണ്ടാം കയർ പുന:സംഘടന നടപ്പിലാക്കുന്നത്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക പങ്ക് നേടി സ്വാശ്രയത്വം |

| | |
|---|---|
| | കൈവരിക്കാനാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ ഭാഗമായി 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 1000 ഡി.എഫ് മില്ലുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനോടകം തന്നെ 50 ഡി.എഫ് മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഫെബ്രുവരി മാസത്തോടെ 100 ഡി.എഫ് മില്ലുകൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ്-ജല സംരക്ഷണ പദ്ധതിയിലും, കാർഷിക പദ്ധതികളിലും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2017 ലെ കയർ കേരളയിൽ വച്ച് 120 കോടി രൂപയുടെ കരാർ പഞ്ചായത്തുകളുമായി ഒപ്പിടുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.<br>കയർമേഖലയ്ക്കാവശ്യമായ ചകിരി ഉൽപ്പാദിപ്പിക്കുന്നതിൽ സ്വകാര്യ സംരംഭകരെ കൂടി പങ്കെടുപ്പിക്കുന്നതിനു വേണ്ട പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 50% സബ്സിഡിയിൽ ഇവർക്ക് ഡി.എഫ്.മിൽ നൽകുന്നതിനുള്ള സ്കീം നടപ്പിലായി കഴിഞ്ഞു. സംരംഭകരിൽ നിന്നും നല്ല പ്രതികരണം ലഭിക്കുന്നു.<br>കയർ മെഷീനറി ഫാക്ടറി നടപ്പ് സാമ്പത്തിക വർഷം പൂർണ്ണശേഷിയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ ഡി.എഫ് മെഷീൻ, എ.എസ്.എം., ഇലക്ട്രോണിക് റാട്ട്, വില്ലോയിംഗ് മെഷീൻ, സ്പ്ലിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസിംഗ് യൂണിറ്റുകൾ, മറ്റ് അനുബന്ധ യന്ത്രങ്ങൾ എന്നിവ കേരള കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് വഴി നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു. ഇത് കയർ വ്യവസായത്തിനാവശ്യമായ യന്ത്ര സാമഗ്രികൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടുന്ന അവസ്ഥയിൽ നിന്നും കയർ യന്ത്രങ്ങളുടെ നിർമ്മാണത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ